**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1454** — 03.05.2017 ൽ മറുപടിക്ക്

# മൊബൈൽ ടവറുകളിലെ ഇലക്ട്രോ മാഗ്നെറ്റിക് റേഡിയേഷൻ (ഇ.എം.ആർ) പരിശോധന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.എം. ആരിഫ്**<br>**,, രാജു എബ്രഹാം**<br>**,, എം. രാജഗോപാലൻ**<br>**,, വി. കെ. സി. മമ്മത് കോയ** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് നിലവിലുള്ള 55,000 ത്തിൽപരം മൊബൈൽ ഫോൺ ടവറുകളിൽ 16,000 എണ്ണത്തിൽ മാത്രമേ ഇലക്ട്രോ മാഗ്നറ്റിക് റേഡിയേഷൻ (ഇ.എം.ആർ) പരിശോധന നടത്തിയിട്ടുള്ളു എന്നതിനാൽ ടവറുകളിൽ നിന്നുള്ള വികിരണം ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 31/03/2017 ൽ സംസ്ഥാനത്ത് നിലവിലുള്ള 76,429 മൊബൈൽ ടവറുകളിൽ 19,914 ടവറുകൾ പരിശോധിച്ചതിൽ ഒരെണ്ണത്തിൽപോലും EMR തോത് അനുവദനീയ പരിധിയ്ക്ക് പുറത്തല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ഓരോ വർഷവും 10% ടവറുകൾ റാൻഡമായി പരിശോധിക്കുക എന്ന സമീപനമാണ് ചെയ്തുവരുന്നത്. |
| (ബി) കേരളത്തിൽ ഭൂരിഭാഗം ടവറുകളും ജനവാസകേന്ദ്രത്തിലായതിനാലും 2 ജി യിൽ നിന്നും 3 ജി യിൽ നിന്നും ടവറുകൾ 4 ജിയിലേക്ക് മാറുന്നതിനാലും ഇലക്ട്രോമാഗ്നറ്റിക് പ്രസരണം അധികരിക്കാനിടയുള്ളതിനാൽ ജനങ്ങളുടെ ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടോ എന്ന് പരിശോധിക്കാൻ ശാസ്ത്ര, സാങ്കേതിക വിദഗ്ദരുടെ സമിതിയെ ഏർപ്പെടുത്തുമോ; | (ബി) റേഡിയേഷൻ മൂലമുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനായി മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കേണ്ട സുരക്ഷിത അകലവും റേഡിയേഷന്റെ തോതും കേന്ദ്ര ടെലികോം വകുപ്പ് നിജപ്പെടുത്തിയിട്ടുണ്ട്. ഇവ പരിശോധിച്ച് ഉറപ്പുവരുത്താൻ കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭാരത സർക്കാർ സ്ഥാപനമായ "Telecom Enforcement Resource&Monitoring (TERM-Kerala)" എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പരിശോധന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആശങ്ക അകറ്റുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കുന്ന തെന്ന് വ്യക്തമാക്കാമോ? | (സി) | മൊബൈൽ ടവറുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന ആശങ്കകളും പരാതികളും പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ മെഡിക്കൽ ഓഫീസർ , മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ പ്രതിനിധി ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തി ജില്ലാ ടെലികോം കമ്മിറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ